**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2850** **03-08-2021 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാല ചട്ടങ്ങളിലെ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് കാലാകാലങ്ങളായി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായി സമയാസമയങ്ങളിൽ അതാത് സർവ്വകലാശാല ചട്ടങ്ങളിൽ ഭേദഗതി വരുത്താറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇപ്രകാരം സർവ്വകലാശാല ചട്ടങ്ങളിൽ ഭേദഗതി വരുത്താത്തത് മൂലം നിലവിലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിപരീതമായി സർവ്വകലാശാലകൾ തീരുമാനമെടുക്കുകയും അതിനെത്തുടർന്ന് സർവ്വകലാശാലകൾക്കും സർക്കാരിനും സാമ്പത്തിക ബാധ്യതയുൾപ്പെടെ സൃഷ്ടിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | ആയത് ഒഴിവാക്കാൻ കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി ബന്ധപ്പെട്ട സർവ്വകലാശാല ചട്ടങ്ങളിൽ സമയബന്ധിതമായി ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സ്വീകരിച്ചുവരുന്നു. |
| (ഡി) | കേരളത്തിലെ സർവ്വകലാശാലകളിലെ അധ്യാപക, അനധ്യാപക ജീവനക്കാർക്ക് കാലാകാലങ്ങളിലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവ അനുവദിക്കുമ്പോൾ ബന്ധപ്പെട്ട സർവ്വകലാശാല ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശം നൽകാറുണ്ടോ; ആയതുമായി ബന്ധപ്പെട്ട് സർവ്വകലാശാലകൾ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | നിർദ്ദേശം നൽകാറുണ്ട്. ആയതുമായി ബന്ധപ്പെട്ട് സർവ്വകലാശാലകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു. |
| (ഇ) | ഇത്തരം സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് ഭേദഗതി വരുത്തിയ സർവ്വകലാശാലകളുടെ പ്രൊപ്പോസലുകൾക്ക് ചാൻസലറിൽ നിന്നും | (ഇ) | സർക്കാരിന്റെ അഭിപ്രായം ആരായുന്നതിന് ചാൻസലറിൽ നിന്നും ലഭിച്ചിട്ടുള്ള വിവിധ സർവ്വകലാശാല കളുടെ ഭേദഗതി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | അംഗീകാരം ലഭിക്കാൻ ബാക്കിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ